# 146 നിങ്ങൾ എനിക്കാണു ചെയ്‌തത്

(മത്തായി 25:34-40)

1. ക്രിസ്‌തുവിൻ കാന്തയാം അഭിഷിക്തർക്കൊപ്പം
   സേവിച്ചിടുന്നു തൻ വേറെ അജങ്ങൾ.
തൻ വധുവിനവരേകും
   പിന്തുണയ്‌ക്കായ്
പ്രതിഫലമേകാൻ യേശു വാഞ്‌ഛരിപ്പൂ.

***(കോറസ്‌)***

*“അവർക്കാശ്വാസത്തിൻ തണലായപ്പോൾ,*
*എനിക്കല്ലോ നിങ്ങൾ ചെയ്‌തതത്രയും!*
*അവർക്കായ്‌ നിങ്ങൾ ചെയ്‌തതെനിക്കല്ലോ!*
*അധ്വാനിച്ചതും എനിക്കായല്ലോ!*
*നിങ്ങൾ ചെയ്‌തതെല്ലാം എനിക്കായല്ലോ!”*

2. “വിശപ്പും ദാഹവും എന്നിലേറിയപ്പോൾ
   വന്നു സാന്ത്വനമായ്‌, എൻ മുന്നിൽ നിങ്ങൾ.”
‘ഞങ്ങൾ എപ്പോൾ വന്നെന്നു’
   ചോദിക്കും അവർ.
തന്നുള്ളം അറിയിക്കും രാജനപ്പോൾ.

***(കോറസ്‌)***

3. “പ്രസംഗിച്ചുവല്ലോ എനിക്കായി നിങ്ങൾ
   വിശ്വസ്‌തരായെന്റെ സോദരരൊപ്പം.”
അരുളും രാജൻ തൻ
   വലത്തുള്ളോരോടായ്‌
“സ്വന്തമാക്കുവിൻ ഭൂവിൽ നിത്യജീവൻ.”

***(കോറസ്‌)***

(സദൃ. 19:17; മത്താ. 10:40-42; 2 തിമൊ. 1:16, 17 എന്നിവയും കാണുക.)

*snylpnw*-MY No. 146 12/15
© 2016 Watch Tower Bible and Tract Society of Pennsylvania